## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

10.07.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ. 287

### ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് കരം ഇളവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>" ഷാഫി പറമ്പിൽ<br>" എൻ.പി. വിൻസെന്റ്<br>" അൻവർ സാദത്ത്.. | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് കരം ഇളവ് അനുവദിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; | (എ) & (ബി) | ഉണ്ട്. സർക്കാരിന്റെ 8-10-2012 ലെ 256/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ്, ബയോ കമ്പോസ്റ്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) പ്രസ്തുത ഇളവ് അനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകര-മാകുമെന്നാണ് വില-യിരുത്തിയിട്ടുള്ളത്? | (സി) | വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് കാരണം കൂടുതൽ വീട്ടുടമകൾ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താൽപ്പര്യം കാണിക്കും. അത് വഴി മാലിന്യം ഗണ്യമായ തോതിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ